# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025 - '26

Govt. L.P.S Thirupuram

## ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫല
പ്രാപ്തിയിലെത്തിക്കുന്നതിനായി ഞങ്ങളുടെ
വിദ്യാലയവും തയ്യാറെടുക്കുകയാണ്. ഞങ്ങളുടെ
വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിലേക്കായി
ഭൗതികമായും അക്കാദമികവുമായ ഒട്ടനവധി പ്രവർ
ത്തനങ്ങൾ കൂടി ചെയ്യേണ്ടതുണ്ട് എന്ന ബോധ്യമുണ്ടാ
യതിന്റെ ഫലമായി. സ്കൂളിൽ വരും വർഷങ്ങളിൽ നടപ്പി
ലാക്കാൻ പോകുന്ന പദ്ധതികളുടെ ഒരു കരടുരൂപം
തയ്യാറാക്കി എല്ലാ കുട്ടികളെയും ഒരു കുടക്കീഴിൽ അണി
നിരത്തി മുൻനിരയിൽ എത്തിക്കാൻ വേണ്ടി പിന്നാക്കം
നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ പരിഗണന ഉറപ്പാ
ക്കുക, കുട്ടികളുടെ സർഗ്ഗപരമായ എല്ലാ കഴിവുകളും
വികസിപ്പിക്കുന്ന സമഗ്ര വിദ്യാഭ്യാസം ഉറപ്പാക്കുക,
കുട്ടികളെ പ്രകൃതിയുടെ കൂട്ടുകാരാക്കുക, സ്കൂളിന്റെ
ഭൗതികസാഹചര്യം (സൗകര്യം) മെച്ചപ്പെടുത്തുക. തുടങ്ങിയ
കാര്യങ്ങളാണ് ഈ വർഷം ലക്ഷ്യമിടുന്നത്. നാട്ടു
പുറത്തെ ഈ കുഞ്ഞു വിദ്യാലയത്തെ നമുക്ക്
മികവിന്റെ കേന്ദ്രമാക്കി മാറ്റാം.

കൊട്ടാരം വൈദ്യനായിരുന്ന ശ്രീ. പുല്ലിംഗൽ
നാരായണൻ നാടാർ (കൊട്ടാരം വൈദ്യനായിരുന്നു)
ഏകദേശം 148 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച
കുടിപ്പള്ളിക്കൂടമാണ് പിൽക്കാലത്ത് എയ്ഡഡ്
ഗേൾസ് സ്കൂളായി മാറിയത്. ശ്രീ വേലു ആശാൻ
ആയിരുന്നു കുടിപ്പള്ളിക്കൂടം നടത്തിയത്.

ശ്രീ നാരായണൻ വൈദ്യർ തന്റെ മകൾ പൊന്നമ്മയും ഭർത്താവ് നാരായണൻ നാടാർക്കുമായി ഈ വിദ്യാലയം നൽകുകയുണ്ടായി. നാരായണൻ നാടാർക്ക് സർക്കാർ ജോലി ലഭിച്ചതിനാൽ മാനേജർ സ്ഥാനം ശ്രീ അസറിയയെ ഏൽപിച്ചു.

സ്കൂളിൽ ആദ്യം പെൺകുട്ടികൾക്ക് മാത്രമേ പഠിക്കാൻ അനുവാദം ഉണ്ടായിരുന്നുള്ളൂ. 3-ാം ക്ലാസ് ആരംഭിച്ചതോടെ ആൺകുട്ടികൾക്കും പ്രവേശനം നൽകുകയും ചെയ്തു. പ്രഥമ പ്രധാനാധ്യാപിക ശ്രീമതി. കാർത്യായനി അമ്മ ആദ്യവിദ്യാർത്ഥി പൊന്നമ്മ. ഒരു കാലഘട്ടത്തിൽ 1 മുതൽ 5 വരെ ക്ലാസ് ഒഴിവാക്കി എൽ. പി സ്കൂൾ ആയി തുടർന്നു. 1947-ൽ സർക്കാർ ഏറ്റെടുത്തു. ഗവ. എൽ പി ബോയ്സ് തിരുപുറം എന്ന് നാമകരണം നടത്തി തുടർന്ന് ആ പേരിൽ അറിയപ്പെടുന്നു.

കൃഷി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറായ കാരാക്കുഴിയിൽ ശ്രീ. ഓമനക്കുട്ടൻ, സെക്രട്ടറിയേറ്റ് അസിസ്റ്റന്റായ ചന്ദ്രൻ, പഞ്ചായത്ത് ഇൻസ്പെക്ടറായ സുകുമാരൻ നാടാർ, അഡ്വ. കുഞ്ചൻ, നെയ്യാറ്റിൻകര ട്രഷറി ഓഫീസറായിരുന്ന ശ്രീ. വി. എൻ തങ്കരാജ്. അഡ്വ. കെ. സി തങ്കരാജ്. കൃഷി വകുപ്പിൽ ഗസറ്റഡ് ഓഫീസറായി വിരമിച്ച ശ്രീമതി അൽഫോൺസ, കൃഷി ഓഫീസറായി വിരമിച്ച ശ്രീ രത്നരാജ് അദ്ധ്യാപകർ വിവിധ മേഖലയിൽ മികവു പുലർത്തിയ ശ്രേഷ്ഠ വ്യക്തികൾ ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്. ഇവിടെ പഠിക്കുന്ന കുട്ടികൾ കൂടുതലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്.

സബ്ജില്ലാ കലോത്സവം, ശാസ്ത്രമേള എന്നിവയിലും മികച്ച പ്രകടനം, LSS സ്കോളർഷിപ്പ് വിജയികൾ ഇവ നമ്മുടെ മുതൽക്കൂട്ട്.

ഹെഡ്മിസ്ട്രസ് ഉൾപ്പെടെ നാല് അദ്ധ്യാപകരും പ്രീ-പ്രൈമറി ജീവനക്കാരും ~~(PTM)~~ പാർട്ടൈം മീനിയലും 12 വിദ്യാർത്ഥികളും ഉൾപ്പെടുന്നതുമാണ് ഇപ്പോഴത്തെ സ്ഥിതി.

# പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം വയ്ക്കുന്നത്. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

എല്ലാ പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന ഗവ. എൽ.പി സ്കൂൾ തിരുപുറം, എസ്.എം.സി, എം.പി.ടി.എ, അധ്യാപകർ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ഉദ്ദേശത്തിലൂടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്രപുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് അഭിമാനത്തോടെ സമർപ്പിക്കുന്നു.

# ഗവൺമെന്റ് എൽ.പി.എസ്. തിരുപുറം.

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ നെയ്യാറ്റിൻകര ഉപജില്ലയിൽ തിരുപുറം ഗ്രാമപഞ്ചായത്തിൽ പുത്തൻകട എന്ന പ്രദേശത്താണ് തിരുപുറം ഗവ. എൽ.പി.എസ് സ്ഥിതിചെയ്യുന്നത്. 1877-ൽ കൊട്ടാരം വൈദ്യനായിരുന്ന ശ്രീ. പുലിംഗൽ നാരായണൻ വൈദ്യർ കുടിപ്പള്ളിക്കൂടമായി തുടങ്ങിയതാണ് ഈ വിദ്യാലയം. പിൽക്കാലത്ത് എയ്ഡഡ് സ്കൂളായും 1947-ൽ സർക്കാറിന് വിട്ട് നൽകുകയും ചെയ്തു. അന്നുമുതൽ ഗവ. എൽ.പി.ജി.എസ് തിരുപുറം എന്ന പേരിൽ അറിയപ്പെടുന്നു.

ആദ്യകാല പ്രഥമാധ്യാപികയായിരുന്നു - ശ്രീമതി കാർത്ത്യായനിയമ്മ. ആദ്യ വിദ്യാർത്ഥി മാനേജരുടെ മകളായ പൊന്നമ്മ. ഒരു കാലഘട്ടത്തിൽ അഞ്ചാം ക്ലാസുവരെയുണ്ടായിരുന്നു. എന്നാൽ സ്ഥലപരിമിതിമൂലം അഞ്ചാം ക്ലാസ് ഒഴിവാക്കി. ശ്രീ. കുമാരൻ നാടാർ, ശ്രീ. അസറി ശ്രീമതി. കുമാരി, ശ്രീമതി. കമലം എന്നിവരും ഈ വിദ്യാലയത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ച പ്രധാനാധ്യാപകരാണ്. ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് ശ്രീമതി. അൽഫോൺസ രത്നം. എം.എൽ

മുൻകാലങ്ങളിൽ ധാരാളം വിദ്യാർത്ഥികളുണ്ടായിരുന്ന ഈ വിദ്യാലയത്തിൽ പത്തു വർഷത്തോളമായി കുട്ടികൾ നന്നേ കുറവാണ്. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ നാല് അധ്യാപകരും പാർട്ട്ടൈം മീനിയലും പ്രീപ്രൈമറി ജീവനക്കാരും പന്ത്രണ്ട് വിദ്യാർത്ഥികളും അറുപത്തിയാറ് കുഞ്ഞുങ്ങളും ഉൾപ്പെടുന്നത് ഇപ്പോഴത്തെ സ്കൂൾ.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ഗവ. എൽ. പി. എസ്. തിരുപുറം. |
| മേൽവിലാസം | : തിരുപുറം, തിരുപുറം. P.O 695133. |
| സ്കൂൾ കോഡ് | : 44413 |
| വിദ്യാഭ്യാസ ഉപജില്ല | : നെയ്യാറ്റിൻകര. |
| വിദ്യാഭ്യാസ ജില്ല | : നെയ്യാറ്റിൻകര |
| റവന്യൂ ജില്ല | : തിരുവനന്തപുരം |
| ബി. ആർ. സി | : നെയ്യാറ്റിൻകര |
| സി. ആർ. സി | : പൂവാർ |
| ഗ്രാമപഞ്ചായത്ത് | : തിരുപുറം |
| ബ്ലോക്ക് പഞ്ചായത്ത് | : പാറശ്ശാല |
| ജില്ലാ പഞ്ചായത്ത് | : തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | : 140 നെയ്യാറ്റിൻകര. |
| ലോകസഭാ മണ്ഡലം | : തിരുവനന്തപുരം |
| താലൂക്ക് | : നെയ്യാറ്റിൻകര. |
| വില്ലേജ് | : തിരുപുറം. |
| ഇ. മെയിൽ വിലാസം | : govtlpgsthirupuram@gmail.com |

## പൊതുലക്ഷ്യങ്ങൾ

- എല്ലാകുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാകുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.
- ഓരോകുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
- ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിച്ച് അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പ് വരുത്തും
- സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും
- ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി ക്ലാസ് പിടിഎയിൽ അവതരിപ്പിക്കും.
- പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ അധ്യാപകർ തയ്യാറാക്കി നൽകും.
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റും.
- മാലിന്യമുക്തവിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
- കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ചരീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥിസംഘങ്ങൾ രൂപീകരിക്കൽ.
- വിദ്യാലയം ഹൈടെക്ക് ആക്കുക.
- പോസ്കോ സംബന്ധമായ ബോധവത്കരണം.
- ലഹരിക്കെതിരെ ബോധവത്കരണം.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ.

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| • 'ഓരോ കുട്ടിയും ഒന്നാമനാണ്' കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു. | • മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ എന്നിവ ~~കുട്ടി~~ സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ലായ്മ (സ്ഥലപരിമിതി) |
| • കലാപഠനം, പ്രവൃത്തിപരിചയ പഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം. | • വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു |
| • പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ (വ്യക്തിഗതം) | • പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| • സർഗാത്മകവേദികൾ, ആശയപ്രകടനവേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം. | • ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. |
| • പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റരീതിയിൽ നടപ്പിലാക്കുന്നു. | • കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതാണ്. 10% കുട്ടികൾ പിന്നോക്കക്കാരാണ്. പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്, |
| • കാർഷിക പ്രവൃത്തികൾ, ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രയോജനം ചെയ്യൽ | • കുട്ടികളുടെ എണ്ണത്തിനാവശ്യമായ (ക്ലാസുകളുടെ എണ്ണത്തിന്) കമ്പ്യൂട്ടറുകളുടെ എണ്ണക്കുറവ്. ടെലിഫോൺ കണക്ഷൻ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. |

ലക്ഷ്യങ്ങൾ

ഭാഷാ വികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
- സർഗാത്മക രചനകളുടെ അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക ~~വിദ്യ~~ സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.

ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- ക്ലാസ് തല ~~ലൈ~~ വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ധാരാളം ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക. ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക
- ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർധിപ്പിക്കുക.
- ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ആധുനിക ശാസ്ത്ര സങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.
- ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ.

- വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

പ്രവൃത്തി പരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതരവിഷയങ്ങളുമായി പ്രവൃത്തിപരിചയത്തെ ബന്ധിപ്പിക്കുക.

കലാപരിശീലനം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
- ഓരോ കുട്ടിക്കും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഒരു ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക
- കാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## പ്രവർത്തന പദ്ധതികൾ

- സ്കൂളിലൊരു പച്ചക്കറിത്തോട്ടം / വീട്ടിലൊരു പച്ചക്കറിത്തോട്ടം
- സ്കൂളിലൊരു പൂന്തോട്ടം / വീട്ടിലൊരു പൂന്തോട്ടം
  പൂന്തോട്ട പരിപാലനം.
- ജൈവമാലിന്യ സംസ്കരണം
- അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനക്കായി നൽകൽ
- ശുചിത്വ വിദ്യാലയം
- ലഹരി വിമുക്ത വിദ്യാലയം.

അക്കാദമികം

മേഖല ഭാഷ

ഉപമേഖല

ക്ലാസ് ഒന്ന്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | • ഭാഷാ രംഗത്ത് കുട്ടികളിലും പാട്ടുകളും കഥ കളികളായി കൂട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്റ്റംബർ ഒക്ടോബർ | cl. Tr SMC SRG സ്കൂൾവികസന സമിതി | SMC |
| | • അമ്മ പറയട്ടെ അമ്മമാർ കൂടി കഥകൾ അവതരിപ്പിക്കണം. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | class Tr SRG MPTA | MPTA. |

ഉപമേഖല – ഇംഗ്ലീഷ് -

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരങ്ങൾ | കാർട്ടൂൺ പ്രദർശനം സിനിമ പ്രദർശനം | മാസത്തിൽ ഒന്ന് | SRG | SSA. |

## ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത മാഗസിൻ | ജൂൺ-മാർച്ച് | | |
| | ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം ഉപകരണ നിർമ്മാണം | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | SSK |
| | ഗണിത ക്ലബ്ബ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒരിക്കൽ. | SRG ക്ലാസ് ടീച്ചർ | |

## ഉപമേഖല - പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ആഹാരത്തിലുള്ള ഭക്ഷ്യവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള സംഘടനം. നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിയും | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | ശലഭോദ്യാനം ഔഷധത്തോട്ടം - ചുറ്റുവട്ടത്തെ | ഡിസംബർ ജനുവരി | SRG SMC | SMC |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - 11

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാരരൂപങ്ങളിലൂടെ ലേഖനമികവ് | 1, എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനക്യാമ്പുകൾ<br>2, ലഘു പതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>കുട്ടികൾ<br>മദർ പി.ടി.എ<br>സ്റ്റാഫ് | S ആർ ജി<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയുണർത്താം | 1, രചനാശില്പശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>കുട്ടികൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

മേഖല - അക്കാദമികം
ഉപമേഖല - ഇംഗ്ലീഷ്
ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk--- --- പ്രഗത്ഭരുമായി സംവദിക്കൽ<br>English ബാല സഭ<br>ഇംഗ്ലീഷ് അസംബ്ലി<br>Oneday English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | SSA |

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം
ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതിക്കണക്കുകളും, ഗണിതപസിലുകളും പരിചയപ്പെടുത്തി) | ആഴ്ചയിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | SSA |
| | ഗണിതക്യാമ്പ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ ജൂലൈ | ക്ലാസ്ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക് കാണാക്കാഴ്ചകൾ - ഇ ഉ | നവംബർ ഡിസംബർ | ടീച്ചേഴ്സ് SRG SMC | SMC |
| നാടറിയാൻ- നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തി- ലേക്ക് നമുക്കും കർഷകരാകാം | ജനുവരി | SRG SMC നാട്ടുകാർ | |

അക്കാദമികം ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം | ജൂൺ - മാർച്ച് | SMC | S.S.A |
| | വാർത്താ വായനാ മത്സരം സംഘടിപ്പിക്കൽ. | മാസത്തിൽ ഒന്ന് | | staff |
| | വായനാ ക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | Class Teacher | S.S.A |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന. | ജൂൺ - മാർച്ച്. | | |

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| ശാസ്ത്രാവബോധം വളർത്തുക. | കണ്ടെത്താം അറിയാം<br>ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പ് തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്ത്. | Class Teacher | S S A |
| പ്രകൃതിവിഭവ സംരക്ഷണം. | ജൈവവൈവിധ്യ പാർക്ക്<br>തടയണ - മഴക്കുഴി നിർമ്മാണം<br>ജലസ്രോതസുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം. | ജൂലൈ ഡിസംബർ. | SMC | S.S.A. |
| ശാസ്ത്ര പരീക്ഷണങ്ങളിൽ ता | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും.<br>ശാസ്ത്ര മാസികകൾ. | | | |

മേഖല : അക്കാദമികം

ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസ്വാദനവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ. | ഒക്ടോബർ | SRG PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ. | മെട്രിക് മേള ഗണിതോത്സവം. | ജനുവരി | SRG ക്ലാസ്ടീച്ചർ | SSA staff SMC. |

മേഖല - അക്കാദമികം

ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1. കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2. പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | |
| | 3. ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ കുട്ടികൾ | SMC |
| വായന പരിപോഷണം | 1. പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം. | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2. വായനാക്കളരി. | ആഴ്ച | | |
| | 3. നാട്ടുവായന - പ്രദേശിക എഴുത്തുകാരുമായുള്ള സംവാദം. | ആഗസ്ത് | കുട്ടികൾ സാഹിത്യ ക്ലബ്ബ്. | വായനശാല. |

1

മലയാളം Std I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ<br>ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാശേഷി വളർത്തൽ | വായിക്കാം, വളരാം<br>ക്ലാസ് വായനാക്കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>~~[illegible]~~ പുസ്തകപരിചയം<br>രചനാപരിചയക്കുറിപ്പ്<br>വായനാക്കുറിപ്പ്<br>പുസ്തകസംവാദം<br>ആനുകാലികവായന | വർഷം മുഴുവൻ | HM<br>SRG Convenor<br>class tr<br>CPTA. | Teachers |
| • എഴുതാം രസിക്കാം<br>• എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷംമുഴുവൻ) | SRG<br>class tr | Teachers |

എഴുത്തുകാരുമായി സംവദിക്കാൻ

| | | | | |
|---|---|---|---|---|
| • എഴുത്ത് പരിപോഷിപ്പിക്കൽ<br>• ലേഖനശേഷി വർദ്ധിപ്പിക്കൽ<br>• സാഹിത്യകാരന്മാരെ അടുത്തറിയാൻ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class teacher | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class tr | Teachers |
| രുചിച്ചറിയാം<br>അറിവ് നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ. | ഭക്ഷ്യമേള<br>പാചക കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം<br>ക്ലാസിലൊരു സദ്യ | വർഷത്തിലൊരിക്കൽ | SRG<br>Class teacher<br>PTA | |
| അഭിമാനിക്കാം<br>സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ. | (സാഹിത്യകാരന്മാർ) ഓർമദിനാചരണം<br>ഡോക്യുമെന്ററി പ്രദർശനം<br>പുസ്തക പരിചയത്തിന് ലഘു പ്രഭാഷണം<br>ജീവിതരേഖ തയ്യാറാക്കൽ<br>പതിപ്പ് നിർമ്മാണം<br>പ്രദർശനം. | ആവശ്യാനുസരണം | SRG<br>Class teacher<br>CPTA. | |

English

English Assembly English ഭാഷാപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി ചേരൽ - English ഭാഷയിൽ (മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് teacher | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക | ആഴ്ചയിൽ 3 ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷാപഠനം സർഗാത്മകപരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ Drama, Conversation, Story telling | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | teachers |
| English Magazine. സർഗാത്മകതാ രചനാശേഷി വികസനം. | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് മാസിക തയ്യാറാക്കൽ | 3 മാസത്തിൽ ഒരിക്കൽ | HM class tr SMC | teachers |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് നൈപു- ണ്യം മെച്ചപ്പെടുത്ത് ഇംഗ്ലീഷ് ഭാഷ- യിലുള്ള ചാതു- രികവ് | സ്കൂളിലെ വിശേഷദി- വസങ്ങളിലെ പ്രവർത്തന- ങ്ങൾ ഉൾക്കൊള്ളിച്ച് ന്യൂസുകളുമായി കണ്ടെ- ത്താട്. | മാസത്തിൽ ഒന്ന് | class tr. | tr. |
| English corner<br><br>വായന പരിപോഷണം | കുട്ടികളുടെ നിലവാരത്തി- നനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനശാല ഒരുക്കൽ.<br>വായനവേള ഒരുക്കൽ<br>വായനക്കുറിപ്പ്<br>പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | class tr. | trs |

| | | | | |
|---|---|---|---|---|
| English Fest<br>English നന്നായി പറയാനും എഴുതാ-നും കഴിയുന്നതിൽ വാരത്തിലെത്തിക്കൽ | വായനാമത്സരം രചനാമത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | SRG SMC Tr. | SMC Trs. |

Mathematics

Std IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധ തരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ.<br>ഏണിയും പാമ്പും<br>ഡയസ് കളി<br>സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>class tr. | staff |
| ഒറിഗാമി<br>ഗണിതപഠനം രസകരമാക്കൽ കര - ചലന ശേഷി വികസനം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിൽ ഒരിക്കൽ | class tr. | trs. |

| | | | | |
|---|---|---|---|---|
| **ഗണിത ലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM<br>SRG<br>Class tr. | |
| **ഗണിതമൂല** | | | | |
| ഗണിതവസ്തുക്കളുടെ പ്രായോഗികമൂല്യം തിരിച്ചറിയൽ | ഗണിതമൂല ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Class tr. | |
| **ഗണിതോപകരണ ശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം സുഗമമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം പ്രദർശനം. | ആവശ്യമുള്ളപ്പോൾ | SMC trs. | |

| | | | | |
|---|---|---|---|---|
| ഗണിതമേള<br>ഗണിതശേഷികളുടെ പ്രകടനം | ചോദ്യോത്തരി പസിൽ പാറ്റേൺ പഠന ഉപകരണങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>Class tr. | Smc<br>Hm |

# പരിസരപഠനം Std IV

| പ്രവൃത്തി മേഖല / ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രകൃതി നടത്തം നിരീക്ഷണം — അറിവ് നിർമാണം | പ്രകൃതിനടത്തം<br>പാഠഭാഗവുമായി ബന്ധപ്പെട്ട Field trip കൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | CPTA HM | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രമേള<br>ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | SRG Class tr. | SSA |

| | | | | |
|---|---|---|---|---|
| ശാസ്ത്രമേള | ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണ ത്വര വളർത്തൽ | ആവശ്യാനുസരണം | SRG<br>CPTA<br>Class tr | |
| യാത്ര | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക് ശാസ്ത്ര മ്യൂസിയങ്ങൾ, ചരിത്രസ്മാരകങ്ങൾ, Folklore അക്കാദമി ഇവ സന്ദർശിക്കൽ | | | |
| ഭൂപട വായന, ഭൂപട രചന, സൂചിക. പരിചയപ്പെടൽ സൂചികാനിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ | ഭൂപടമൊരുക്കൽ | വർഷത്തിൽ ഒന്ന് | SRG<br>Class trs. | |

| | | | | | |
|---|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | കേരളം ഇന്ത്യ ഇടപെടലുകൾ ശാസ്ത്രവിസ്മയ ചുവർ<br>ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>class tr. | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്രോത്സവം<br>പഠന ഉൽപന്നങ്ങളുടെ പ്രദർശനം (പോസ്റ്റർ, ചാർട്ട്, Album, പഠനോപകരണം, പതിപ്പുകൾ) | വർഷത്തിലൊരിക്കൽ | HM<br>SRG<br>class tr. | | |
| അറിവുകളുടെ രചന | ശാസ്ത്രമാസിക | വർഷത്തിൽ ഒന്ന് | HM<br>SRG<br>class tr. | | |